നമ്പർ. സി1/6294/റ്റിസി-2013

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 29/12/2017

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ബസ് ബോഡികോഡ് - സ്പഷ്ടീകരണം നൽകുന്നത് — സംബന്ധിച്ച്

സൂചന :- 1. ബഹു.കേരള ഹൈക്കോടതിയുടെ 22/03/2017 ലെ ഡബ്ല്യു.പി (സി) 854/2017(എഫ്) നമ്പർ ഉത്തരവ്.
2. ഈ ഓഫീസിൽ നിന്നുള്ള 21/12/2017, 22/12/2017 എന്നീ തിയതികളിലെ ഇതേ നമ്പർ കത്തുകൾ.

മേൽ സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന 1 പ്രകാരമുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ 01/10/2014 ന് മുമ്പ് കേന്ദ്ര മോട്ടോർ വാഹന ചട്ടം 126 (സി) പ്രകാരം പ്രോട്ടോടൈപ്പ് അപ്പ്രൂവൽ വാങ്ങിയ വാഹനങ്ങൾക്ക് ബസ് ബോഡി കോഡ് ബാധകമാക്കേണ്ടതില്ല. 01/10/2014 ന് ശേഷം പ്രോട്ടോടൈപ്പ് അടിസ്ഥാനത്തിൽ നിർമ്മിച്ച 13 സീറ്റും അതിൽകൂടുതലുമുള്ള പാസഞ്ചർ വാഹനങ്ങൾ ബസ് ബോഡികോഡിന്റെ അടിസ്ഥാനത്തിൽ മാത്രമേ രജിസ്റ്റർ ചെയ്യാവൂ. സൂചന 2 പ്രകാരം ഈ ഓഫീസിൽ നിന്നും തദ്വിഷയവുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശങ്ങൾ ഇതിനാൽ റദ്ദ് ചെയ്യുന്നു. രൂപമാറ്റം വരുത്തുന്ന വാഹനങ്ങൾക്ക് നിയമാനുസൃതമായ ബസ് ബോഡികോഡ് ബാധകമാണ്.

വിശ്വസ്തതയോടെ,
ഒപ്പ്/-
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ

29/12/2017
സീനിയർ സൂപ്രണ്ട്
30/12